ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13-05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യയുടെ കാര്യശേഷിക്ക് ലോകം സാക്ഷ്യംവഹിച്ചെന്ന് പ്രധാനമന്ത്രി ; ഭീകരവാദികളെ ഇനി വെറുതെ വിടില്ലെന്ന നയം വ്യക്തമായി ബോധ്യപ്പെടുത്താനായെന്നും നരേന്ദ്രമോദി.

2. ജമ്മു കശ്മീരിൽ പാക് അതിർത്തി പങ്കിടാത്ത ജില്ലകളിൽ സ്കൂളുകളും കോളേജുകളും തുറന്നു ; സൈനികമേധാവികളുമായി ഉന്നതലയോഗം ചേർന്ന് സ്ഥിതി വിലയിരുത്തി രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്.

3. കേരളത്തിന്റെ ആഭ്യന്തര ഉത്പാദനവും പൊതുകടവും തമ്മിലുള്ള അന്തരം കുറഞ്ഞുവരികയാണെന്ന് മുഖ്യമന്ത്രി ; തനതു വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചെന്നും പിണറായി വിജയൻ.

4. സി.ബി.എസ്.ഇ പ്ലസ് ടു ഫലം പ്രസിദ്ധീകരിച്ചു ; 99.32 ശതമാനം വിജയത്തോടെ തിരുവനന്തപുരം മേഖല രാജ്യത്ത് രണ്ടാം സ്ഥാനത്ത് ; ഒന്നാം സ്ഥാനത്ത് വിജയവാഡ.

5. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഇന്ന് കാലവർഷം എത്തിച്ചേരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത.

******************************

RNU TVPM

## പ്രധാനമന്ത്രി .. ഇൻട്രോ

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയത്തിന്റെ പശ്ചാത്തലത്തിൽ, ഭീകരതയെ ചെറുക്കുന്നതിലുള്ള ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധത വ്യക്തമാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ വൈകുന്നേരം രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി, ഇന്ത്യയുടെ കാര്യശേഷിക്ക് ലോകം സാക്ഷ്യം വഹിച്ചുവെന്നും, ഭീകരവാദികളെ ഇനി വെറുതെ വിടില്ലെന്ന നയം വ്യക്തമാണെന്നും പറഞ്ഞു. ഇന്ത്യക്കും ഇന്ത്യക്കാർക്കുമെതിരെയുള്ള ഏതൊരു ആക്രമണത്തെയും പൂർണ്ണ ശക്തിയോടെ നേരിടുമെന്ന വ്യക്തമായ സന്ദേശം ഭീകര സംഘടനകൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കും ഓപ്പറേഷൻ സിന്ദൂർ വഴി നൽകി. ഭീകരതയെയും പാക് അധീന കാശ്മീരിനെയും കുറിച്ചുള്ള ചർച്ചകൾ ഒഴികെ, പാകിസ്ഥാനുമായി മറ്റൊരു ചർച്ചയിലും ഇന്ത്യ ഏർപ്പെടില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയ്സ്)

ഭീകരതയെ പിന്തുണയ്ക്കുന്ന പാകിസ്ഥാൻ സർക്കാരിനെയും സൈന്യത്തെയും അദ്ദേഹം വിമർശിച്ചു. അത്തരം പ്രവർത്തനങ്ങൾ അവരുടെ പതനത്തിലേക്ക് നയിച്ചേക്കാമെന്ന് പ്രധാനമന്ത്രി മുന്നറിയിപ്പ് നൽകി.

*****************************

## പിഎം-വിമാനത്താവളം

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാവിലെ പഞ്ചാബിലെ ആദംപൂർ വിമാനത്താവളം സന്ദർശിച്ചു. വ്യോമസേന ഉദ്യോഗസ്ഥരുമായി പ്രധാനമന്ത്രി സംവദിച്ചു.

*****************************

PNU TVPM

## അമിത് ഷാ-എസ്. ജയ്ശങ്കർ

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് നീതി ലഭ്യമാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാതൃകാപരമായ നേതൃത്വത്തിന് കേന്ദ്രമന്ത്രി അമിത് ഷാ സമൂഹ മാധ്യമത്തിൽ അഭിനന്ദനം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ പ്രസംഗം പ്രചോദനാത്മകമാണെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു .

*****************************

## ജെ .പി നദ്ദ - പ്രധാനമന്ത്രി

രാജ്യത്തെ അഭിസംബോധന ചെയ്യുകൊണ്ടുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗത്തെ പ്രശംസിച്ച് കേന്ദ്രമന്ത്രിയും ബിജെപി അധ്യക്ഷനുമായ ജെ .പി നദ്ദ. പാകിസ്ഥാനും ഭീകരതയ്ക്കുമെതിരായ രാജ്യത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

RNU TVPM

*****************************

## രാജ്നാഥ് സിംഗ്

അതിർത്തിയിലെ സ്ഥിതിഗതികൾ വിലയിരുത്താൻ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, കര- - നാവിക സേനാ മേധാവിമാർ, പ്രതിരോധ സെക്രട്ടറി തുടങ്ങിയവർ പങ്കെടുത്തു.

*****************************

## ഡി.ജി.എം.ഒ

അതിർത്തി മേഖലയിൽ നിന്നും സൈനികരെ കുറയ്ക്കുന്നത് ഉറപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ പരിഗണിക്കാൻ ഇന്ത്യയും പാകിസ്ഥാനും ധാരണയായി. ഇരുപക്ഷവും തമ്മിൽ ഇന്നലെ വൈകുന്നേരം നടന്ന ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻ -ഡി.ജി.എം.ഒ തല ചർച്ചയിലാണ് തീരുമാനം .

*****************************

## ജമ്മുകാശ്മീർ - സ്കൂൾ

ജമ്മുവിലെ, അതിർത്തിക്ക് പുറത്തുള്ള ജില്ലകളിലെയും കശ്മീർ ഡിവിഷനുകളിലെയും സ്കൂളുകളും കോളേജുകളും ഇന്നുമുതൽ വീണ്ടും തുറക്കാൻ ജമ്മു കശ്മീർ സർക്കാർ തീരുമാനിച്ചു. അതിർത്തി പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുന്നത് തുടരും .

*****************************

## വിമാന സർവ്വീസ് - റദ്ദാക്കി

ജമ്മു, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കുള്ള വിമാന സർവീസ് ഇന്ന് റദ്ദാക്കിയതായി എയർ ഇന്ത്യ. നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തിയും സുരക്ഷ കണക്കിലെടുത്തുമാണ് നടപടി.

*****************************

## ജമ്മു കശ്മീർ

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിലെ ഷുക്രൂ കെല്ലർ വനമേഖലയിൽ സുരക്ഷാ സേനയും ഭീകരരുമായി ഏറ്റുമുട്ടൽ. ഇന്ന് രാവിലെ പ്രദേശത്ത് വെടിവയ്പ്പ് നടന്നതായി പോലീസ് വൃത്തങ്ങൾ സ്ഥിരീകരിച്ചു. സേന, പോലീസ്, സിആർപിഎഫ് സംയുക്ത

RNU TVPM

സംഘം തിരച്ചിൽ നടത്തുന്നതിനിടെ ഒളിച്ചിരുന്ന ഭീകരർ വെടിയുതിർക്കുകയായിരുന്നു.

******************************

## മുഖ്യമന്ത്രി-കോഴിക്കോട്.. (ഇൻട്രോ)

കേരളത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ സർക്കാരിന് സാധിച്ചെന്നും സംസ്ഥാനത്തിൻറെ ആഭ്യന്തര ഉത്പാദനവും പൊതുകടവും തമ്മിലുള്ള അന്തരം കുറഞ്ഞുവരികയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്റ്റാർട്ട് അപ്പ് മേഖലയിൽ കേരളം ലോക ശ്രദ്ധ നേടിയെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിസഭയുടെ നാലാം വാർഷികത്തിൻറെ ഭാഗമായി കോഴിക്കോട് ചേർന്ന ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ് വോയ്സ്........)

PNU TVPM

******************************

## ഉരുൾപൊട്ടൽ - വാടക

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതരുടെ മാസ വാടക മുടങ്ങിയത് അടിയന്തരമായി ലഭ്യമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. പുനരധിവാസത്തിനുള്ള ടൗൺഷിപ്പ് നിർമ്മാണത്തിന് വിവിധ അനുമതികൾ നൽകുന്നതിന് മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ സമയക്രമം നിശ്ചയിച്ചു.

******************************

## ടൗൺഷിപ്പ്

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസത്തിനായുള്ള ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തികൾ വേഗത്തിലാക്കാൻ നടപടികളുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി. ഒരേസമയം 10 മണ്ണു മാന്തി യന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. തൊഴിലാളികളുടെ എണ്ണം

ഇരട്ടിയാക്കി. മഴ ആരംഭിക്കുന്നതിനു മുൻപ് തന്നെ വീടുകളുടെ അടിത്തറ നിർമ്മാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

******************************

## സി.ബി.എസ്.ഇ

ഈ വർഷത്തെ സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് ഫലം പ്രഖ്യാപിച്ചു. 88.39 ആണ് വിജയശതമാനം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 0.41 ശതമാനത്തിൻറെ വർദ്ധന ഉണ്ടായി. 91 ശതമാനത്തിലധികം വിദ്യാർത്ഥിനികൾ വിജയിച്ചു. ആൺകുട്ടികളെക്കാൾ 5.94 ശതമാനം പെൺകുട്ടികളാണ് വിജയം നേടിയത്. cbseresults.nic.in എന്ന വെബ്സൈറ്റിലൂടെ ഫലം അറിയാം. 99.60 വിജയശതമാനത്തോടെ വിജയവാഡയാണ് മുന്നിൽ. തിരുവനന്തപുരം രണ്ടാം സ്ഥാനത്താണ്. വിജയശതമാനം 99.32.

RNUTVPM

******************************

## പ്ലസ് വൺ

പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സമർപ്പിക്കാം. പൂർണമായും ഓൺലൈനാണ് പ്രവേശന നടപടികൾ. ഈമാസം 20 വരെ അപേക്ഷ നൽകാം. 24 ന് ട്രയൽ അലോട്ട്മെൻറ് നടക്കും. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെൻറ്. ജൂൺ പതിനെട്ടിന് ക്ലാസുകൾ ആരംഭിക്കും.

******************************

## കണ്ണൂർ - ലൈഫ് മിഷൻ

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട പദ്ധതിയിലും പ്രധാനമന്ത്രി ആവാസ് യോജനയിലും മികച്ച പ്രവർത്തനം കാഴ്ച്ചവെച്ച തദ്ദേശസ്ഥാപനങ്ങളെയും പദ്ധതിക്കായി ഭൂമി സൗജന്യമായി നൽകിയവരെയും ഇന്ന് കണ്ണൂരിലെ എന്റെ കേരളം വേദിയിൽ ആദരിക്കും. മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും.

*******************************

## സപ്ലൈകോ

സപ്ലൈകോ സ്കൂൾ ഫെയർ ജൂൺ 30 വരെ തെരഞ്ഞെടുത്ത സപ്ലൈകോ വിൽപ്പനശാലകളിൽ നടക്കും. ബാഗുകൾ, നോട്ടുബുക്കുകൾ, പഠനോപകരണങ്ങൾ തുടങ്ങിയവയ്ക്ക് 17 ശതമാനം വരെ വിലക്കുറവുണ്ട്.

*******************************

RAJU TVPM

## മുതലപ്പൊഴി (ഇൻട്രോ)

തിരുവനന്തപുരത്തെ മുതലപ്പൊഴിയിൽ ഡ്രഡ്ജിങ് ഭാഗികമായി പുനരാരംഭിച്ചു. കണ്ണൂരിൽ നിന്നുള്ള ഡ്രഡ്ജറുപയോഗിച്ചാണ് ഇപ്പോൾ മണൽ നീക്കം ചെയ്യുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയ്സ്)**

*******************************

## വിഴിഞ്ഞം

ലോകത്തിലെ ഏറ്റവും വലിയ ചരക്കുകപ്പൽ ശൃംഖലയായ എംഎസ് സി ഐറിന ക്ലാസ്സിലെ രണ്ടാമത്തെ കപ്പൽ എംഎസ് സി മിഷേൽ

വിഴിഞ്ഞത്ത് നങ്കൂരമിട്ടു. കഴിഞ്ഞ മാസം ഈ ശൃംഖലയിലെ M.S.C തുർക്കിയെ വിഴിഞ്ഞത്ത് എത്തിയിരുന്നു.

*****************************

## മൂന്നാർ (ഇൻട്രോ)

മൂന്നാറിന്റെ സമീപപ്രദേശമായ ചിത്തിരപുരം പ്രകൃതി മനോഹാരിത കൊണ്ട് സഞ്ചാരികളുടെ ഇഷ്ട ഇടമാണ്. നിരവധിയാളുകളാണ് ഇവിടേക്കെത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...........**

(വോയ്സ്)

RNU TVPM

*****************************

## ഗ്യാപ്പ് റോഡ്

കരിങ്കല്ല് റോഡിലേക്ക് പതിച്ചതിനെ തുടർന്ന് ഇടുക്കി മൂന്നാർ ഗ്യാപ്പ് റോഡിൽ ഗതാഗതം തടസ്സപ്പെട്ടു . ഗ്യാപ്പ് റോഡ് വഴിയുള്ള ഗതാഗതം നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

*****************************

## പുലി-വയനാട്

വയനാട് ബത്തേരി ടൗണിൽ വീണ്ടും പുലി ഇറങ്ങി. കോട്ടക്കുന്ന് പുതുശേരിയിൽ ഒരു വീട്ടിലെത്തി കോഴികളെ പിടികൂടുന്ന പുലിയുടെ സിസിടിവി ദൃശ്യം പുറത്തുവന്നു. ആഴ്ചകൾക്ക് മുമ്പ് ഫെയർലാൻ്റിലും പുലിയെ കണ്ടിരുന്നു.

*****************************

## ഐ.പി.എൽ

ഇന്ത്യ- പാകിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കുമെന്ന് ബിസിസിഐ. 17ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

*****************************

## വോളിബോൾ

കണ്ണൂരിൽ നടക്കുന്ന അഖിലേന്ത്യാ വോളിബോൾ ടൂർണമെന്റിൽ ഇന്ന് വനിതാ വിഭാഗത്തിൽ ഇൻകം ടാക്സ് ബെംഗളൂരു- ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയുമായും പുരുഷ വിഭാഗത്തിൽ കേരള പോലീസ്- കൊച്ചിൻ കസ്റ്റംസുമായും ഏറ്റുമുട്ടും.

*****************************

RNU TVPM

## കാലാവസ്ഥ

കഴിഞ്ഞ 24 മണിക്കൂറിൽ നിക്കോബാർ ദ്വീപുകളിൽ വ്യാപകമായ മഴ രേഖപ്പെടുത്തി. ആൻഡമാൻ കടൽ, തെക്ക് ബംഗാൾ ഉൾക്കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ കാലവർഷം ഇന്ന് എത്തിച്ചേരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കഴിഞ്ഞ 24 മണിക്കൂറിൽ സംസ്ഥാനത്ത് ഏഴ് ഇടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കാൻ നിർദേശം.

*****************************

## ഓഹരി +സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 463 പോയിൻറ് നഷ്ടത്തിൽ 81,966 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 130 പോയിൻറ് നഷ്ടത്തിൽ 24,794 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർദ്ധന. പവന് 120 രൂപ വർദ്ധിച്ച് 70,120 രൂപയും ഗ്രാമിന് 15 രൂപ വർദ്ധിച്ച് 8,765 രൂപയുമാണ് ഇന്നത്തെ വില.

******************************

## നന്ദൻകോഡ് കൂട്ടക്കൊല

തിരുവനന്തപുരം നന്തൻകോട് കൂട്ടകൊല കേസിൽ അല്പസമയത്തിനകം ശിക്ഷാ വിധി പുറപ്പെടുവിക്കും. മാതാപിതാക്കളേയും സഹോദരിയെയും ബന്ധുവായ സ്ത്രീയെയും കൊലപ്പെടുത്തിയ കേസിൽ കേഡൽ ജിൻസൺ രാജ കുറ്റക്കാരനാണെന്ന് തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തിയിരുന്നു.

RNU TVPM

******************************

## ലഹരിവിരുദ്ധ യാത്ര

കായികവകുപ്പ് സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ സന്ദേശ യാത്ര നാളെ തിരുവനന്തപുരത്തു നിന്ന് പുനരാരംഭിക്കും. ഈ മാസം അഞ്ചിന് കാസർക്കോട് നിന്നാരംഭിച്ച യാത്ര അഞ്ച് ജില്ലകളിൽ പര്യടനം പൂർത്തിയാക്കി.

******************************

## ഓപ്പറേഷൻ സിന്ദൂർ - തിരങ്കയാത്ര

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ന് മുതൽ 11 ദിവസം ബിജെപി തിരങ്ക യാത്ര സംഘടിപ്പിക്കും. ഈ മാസം 23 വരെ നീണ്ടു

നിൽക്കുന്ന യാത്രയിൽ സാമൂഹിക പ്രവർത്തകർ, മുൻ സൈനികർ തുടങ്ങിയവർ പങ്കെടുക്കും.

*******************************

## വൈശാഖോത്സവം

പ്രസിദ്ധമായ കൊട്ടിയൂർ വൈശാഖോത്സവത്തിന് ജൂൺ എട്ടിന് നെയ്യാട്ടത്തോടെ തുടക്കമാവും. ഉത്സവത്തിന്റെ തീയതിയും ചടങ്ങുകളും നിശ്ചയിക്കുന്ന പ്രക്കൂഴം ചടങ്ങ് ഇക്കരെ ക്ഷേത്രസന്നിധിയിലെ കുത്തോട് മണ്ഡപത്തിൽ നടന്നു.

*******************************

## ശബരിമല

ഇടവമാസ പൂജകൾക്കായി ശബരിമല നട നാളെ വൈകിട്ട് നാലിന് തുറക്കും. തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽ ശാന്തി അരുൺ കുമാർ നട തുറന്ന് ദീപം തെളിക്കും. നാളെ പ്രത്യേക പൂജകളൊന്നും ഉണ്ടായിരിക്കില്ല.

RNU TVPM

*******************************

## പ്രദർശന വിപണനമേള

മലപ്പുറത്തെ എന്റെ കേരളം പ്രദർശന വിപണനമേള ഇന്ന് സമാപിക്കും. കോഴിക്കോട് നടക്കുന്ന പന്ത്രണ്ടാമത് കുടുംബശ്രീ ദേശീയ സരസ് മേളയും ഇന്ന് സമാപിക്കും.

*******************************

## അവലോകന യോഗം

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ അവലോകന യോഗം വ്യാഴാഴ്ച തിരുവനന്തപുരത്ത് നടക്കും. മന്ത്രിമാർ, ചീഫ് സെക്രട്ടറി,

വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുക്കും.

******************************

## ഒഎൻവി സാഹിത്യ പുരസ്കാരം

2025 ലെ ഒഎൻവി സാഹിത്യ പുരസ്കാരം കവി പ്രഭാവർമ്മയ്ക്ക്. മൂന്നു ലക്ഷം രൂപയും ശിൽപവും പ്രശസ്തി പത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം. മെയ് 27ന് പുരസ്കാരം സമർപ്പിക്കും.

******************************

## അഖിലേന്ത്യാ സമ്മേളനം

എസ് എഫ് ഐ അഖിലേന്ത്യാ സമ്മേളനം ജൂൺ 26 മുതൽ 30 വരെ കോഴിക്കോട്ട് നടക്കും. ലോഗോ പ്രകാശനം സി പി എം ജനറൽ സെക്രട്ടറി എം.എ.ബേബി നിർവ്വഹിച്ചു.

RNU TVPM

******************************

## എം ജി - ഫലം

അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൂർത്തിയായി തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ ഫലം പ്രസിദ്ധീകരിച്ച മഹാത്മാഗാന്ധി സർവ്വകലാശാലയെ പ്രശംസിച്ച് മന്ത്രി ആർ ബിന്ദു. ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന ആറാം സെമസ്റ്റർ റെഗുലർ പരീക്ഷകളുടെ ഫലമാണ് ഇന്നലെ സർവ്വകലാശാല പ്രസിദ്ധീകരിച്ചത്. അഭിമാനകരമായ മികവാണിതെന്നും സർവ്വകലാശാല മാതൃക കാട്ടിയിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

******************************

## വ്യാജമദ്യം

പഞ്ചാബിലെ അമൃത്സർ ജില്ലയിലെ മജിതയിൽ വ്യാജമദ്യം കഴിച്ച് പതിനാല് പേർ മരിച്ചു . ആറ് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മദ്യം വിതരണം ചെയ്യുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട് . അന്വേഷണം പുരോഗമിക്കുകയാണ് .

*****************************

## ക്യാമ്പ് സിറ്റിങ്-കണ്ണൂർ

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തും. ഈമാസം 27നും, 28നും കണ്ണൂർ ഗവ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും ഈമാസം 29നും, 30നും കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലുമാണ് ക്യാമ്പ്.

*****************************

## പി. സ്മാരക പുരസ്കാരം

മഹാകവി പി. കുഞ്ഞിരാമൻ നായർ സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ പി. സ്മാരക കവിതാ പുരസ്കാരത്തിന് മാധവൻ പുറച്ചേരിയുടെ ഉച്ചിര എന്ന കൃതി തിരഞ്ഞെടുത്തു. 20,000 രൂപയും മൊമെൻറോയും അടങ്ങുന്ന പുരസ്കാരം ഈ മാസം 28 ന് സമ്മാനിക്കും.

RNU TVM

*****************************

## വയനാട് - കഞ്ചാവ്

വയനാട് കൽപ്പറ്റ എമിലിയിൽ ആളൊഴിഞ്ഞ പറമ്പിൽ കഞ്ചാവ് ചെടികൾ കണ്ടെത്തി. രഹസ്യ വിവരത്തെ തുടർന്ന് പോലീസും ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും ചേർന്ന് നടത്തിയ പരിശോധനയിലാണ് 11 കഞ്ചാവ് ചെടികൾ കണ്ടെത്തിയത്.

**********************************************************************************
****************************************